**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 440** — **23-07-2021 - ൽ മറുപടിയ്ക്ക്**

**അമ്പൂരി തൊട്ടുമല സെറ്റിൽമെന്റ് കോളനി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ അമ്പൂരി തൊട്ടുമല സെറ്റിൽമെന്റ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും ഫണ്ട് അനുവദിച്ച നടപടികൾ പൂർത്തിയാക്കിയിട്ടും വനംവകുപ്പിന്റെ അനുമതി ലഭിക്കാത്തത് കാരണം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | തിരുവനന്തപുരം വന്യജീവി ഡിവിഷനിലെ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്ന അമ്പൂരി തൊട്ടുമല സെറ്റിൽമെൻറ് കോളനിയിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന റോഡുകൾ ഇൻറർലോക്ക് ചെയ്യുന്നതിന് പഞ്ചായത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ടി റോഡുകൾ പരിശോധിച്ച് ആയവ അംഗീകരിച്ചിട്ടുള്ളതുമാണ് 1. പുരവിമല ഇ.ഡി.സി.റോഡ് 2. പുരവിമല ഉലവ്മുട്ടിക്കുഴി 3. അയ്യവിളാകം - തൊട്ടവര 4. പൂവൻപാറ - വള്ളക്കടവ് 5. പീയണിപ്പാറ - കണ്ണമ്മാമൂട് 6. പീയണിപ്പാറ - വെല്ലി 7. പൊട്ടൻകാവ് - തൊട്ടുമല 8. പുരവിമല – തേക്കിന്മൂട് എന്നാൽ ചാക്കപ്പാറ- പീയണിപ്പാറ (അണമുഖം) റോഡിന്റെ നിർമ്മാണത്തിനായി അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും സംസ്ഥാന വന്യജീവി ബോർഡ് ആയത് നിരസിക്കുകയുണ്ടായി. |
| (ബി) | ഈ മേഖലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 1500 ലധികം വരുന്ന ആളുകളുടെ ജീവിത നിലവാരം മെച്ചപ്പെടുന്നതിലേക്കായി പ്രസ്തുത പദ്ധതികൾക്ക് അടിയന്തര പ്രാധാന്യത്തോടെ അനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | വന്യജീവി സങ്കേതത്തിനകത്ത് നിയമാനുസരണം അനുവദനീയമായ പദ്ധതികൾ നടത്തുന്നതിനുള്ള അനുമതി ചുമതലപ്പെട്ട അധികാരി /ബോർഡിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| (സി) | പ്രസ്തുത മേഖലയിൽ റോഡ് നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെയും, 2006-ലെ വനാവകാശ നിയമത്തിന്റെയും സംസ്ഥാന, കേന്ദ്ര വനം വന്യജീവി ബോർഡിന്റെ മാനദണ്ഡ പ്രകാരവുമാണ് അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ